**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിൽ 01.01.2016 മുതൽ 31.12.2017 വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ പിശകായി ഉൾപ്പെടുത്തിയ ജീവനക്കാരെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച്

---

ജീവനകാര്യം (G) വിഭാഗം

നം: EG3/21037/20/ഡി.ടി.ഇ　　　　തിരുവനന്തപുരം , തീയതി: 27.09.2020

---

വായന:-1. സർക്കുലർ നമ്പർ EG3/34859/18/DTE തീയതി 14.12.2018.
2. നടപടിക്രമം നമ്പർ EG3/8165/20/DTE തീയതി 11.06.2020.
3. നടപടിക്രമം നമ്പർ EG3/13367/20/DTE തീയതി 22.06.2020.

**ഉത്തരവ്**

ഈ വകുപ്പിന് കീഴിൽ 01.01.2016 മുതൽ 31.12.2017 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി / ഗ്രഡേഷൻ ലിസ്റ്റ് വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത അന്തിമ സീനിയോറിറ്റി / ഗ്രഡേഷൻ ലിസ്റ്റിൽ റഫ്രിജെറേഷൻ & എയർ കണ്ടീഷനിംഗ് ട്രേഡിൽ കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് വായന 2, 3 നടപടിക്രമങ്ങൾ പ്രകാരം പ്രസ്തുത ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത അന്തിമ സീനിയോറിറ്റി / ഗ്രഡേഷൻ ലിസ്റ്റിലും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള കൂട്ടിച്ചേർക്കൽ ഉത്തരവുകളിലും റഫ്രിജെറേഷൻ & എയർ കണ്ടീഷനിംഗ് ട്രേഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാരെല്ലാം 01.01.2018 ന ശേഷം നിയമനം ലഭിച്ചവരാണെന്നും അവരെ 31.12.2017 വരെ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ പിശകായി ഉൾപ്പെടുത്തിയതാണെന്നും അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ 01.01.2016 മുതൽ 31.12.2017 വരെ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ അവർ യോഗ്യരല്ല എന്നും തുടർന്ന് നടത്തിയ പരിശോധനയിൽ നിന്നും ബോദ്ധ്യമായിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിലും 01.01.2016 മുതൽ 31.12.2017 വരെയുള്ള കാലയളവിൽ ഈ വകുപ്പിന് കീഴിൽ റഫ്രിജെറേഷൻ & എയർ കണ്ടീഷനിംഗ് ട്രേഡിൽ ട്രേഡ്സ്മാൻ തസ്തികയിൽ ആർക്കും നിയമനം ലഭിച്ചിട്ടില്ലാത്തതിനാലും വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി / ഗ്രഡേഷൻ ലിസ്റ്റിൽ റഫ്രിജെറേഷൻ & എയർ കണ്ടീഷനിംഗ് ട്രേഡും വായന 2 നടപടിക്രമം പ്രകാരം പുറപ്പെടുവിച്ച കൂട്ടിച്ചേർക്കൽ ഉത്തരവിലെ റഫ്രിജെറേഷൻ & എയർ കണ്ടീഷനിംഗ് ട്രേഡും വായന 3 നടപടിക്രമം പ്രകാരം പുറപ്പെടുവിച്ച കൂട്ടിച്ചേർക്കൽ ഉത്തരവ് പൂർണ്ണമായും റദ്ദ് ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

Draft #1 of File EG3/21037/20/DTE Approved by Director (in-charge) on 27-Sep-2020 09:54 PM - Page 1

ഈ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യപ്പെട്ട ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന ജീവനക്കാരെ 01.01.2018 മുതൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമപ്പെടുത്തുന്നതായിരിക്കും.

ഒപ്പ്/-

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട്, EB സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File EG3/21037/20/DTE Approved by Director (in-charge) on 27-Sep-2020 09:54 PM - Page 2